ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 09.01.2026

## പ്രധാന വാർത്തകൾ

TIME : 07.25 AM

1. മെയ്ഡ് ഇൻ ഇന്ത്യ - മെയ്ഡ് ഫോർ ദി വേൾഡ് ആശയത്തെ പ്രതിഫലിപ്പിക്കുന്ന AI മോഡൽ ലോകത്തിന് മുന്നിൽ ഇന്ത്യ അവതരിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

Prime Minister Narendra Modi says, India should present unique Artificial Intelligence model to the world, reflecting spirit of Made in India, Made for the World.

2. രണ്ടാമത് വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് തുടക്കം. കേരളത്തിൽ നിന്ന് 60 പേർ പങ്കെടുക്കും.

The second edition of the Viksit Bharat Young Leaders Dialogue 2026 will begin today in New Delhi.

3. ഭീകരതയില്ലാത്ത ജമ്മു കശ്മീർ എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും തുടരുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

Union Home Minister Amit Shah said that all efforts will continue to achieve the goal of a terror-free Jammu and Kashmir.

4. 70-ാമത് അതിവിശിഷ്ട് റെയിൽ സേവ പുരസ്കാരം കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് വിതരണം ചെയ്യും.

Railways Minister Ashwini Vaishnaw will confer the 70th Ati Vishisht Rail Seva Puraskar today.

5. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ നാളെ കേരളത്തിലെത്തും. തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും.

**Union Home Minister Amit Shah will arrive in Kerala tomorrow. He will participate in various programmes in Thiruvananthapuram.**

6. ഖേലോ ഇന്ത്യ ബീച്ച് ഗെയിംസിൽ തമിഴ്നാട് ഒന്നാം സ്ഥാനത്ത്. മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ പി.വി. സിന്ധു ഇന്നിറങ്ങും.

**In the Khelo India Beach Games Tamil Nadu has secured first place. India's P. V. Sindhu will compete today in the quarterfinals of the Malaysia Open Badminton tournament.**

*****************************

## PM – INDIAN AI STRAT UPs

മെയ്ഡ് ഇൻ ഇന്ത്യ, മെയ്ഡ് ഫോർ ദി വേൾഡ് എന്ന ആശയത്തെ പ്രതിഫലിപ്പിക്കുന്ന സവിശേഷമായ AI മോഡൽ ഇന്ത്യ ലോകത്തിന് മുന്നിൽ അവതരിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യൻ എ.ഐ സ്റ്റാർട്ട്അപ്പ് യോഗത്തിന് ന്യൂഡൽഹിയിലെ വസതിയിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. നിർമിത ബുദ്ധി സമൂഹത്തിൽ പരിവർത്തനം സാധ്യമാക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. അടുത്ത മാസം ഇന്ത്യയിൽ നടക്കാനിരിക്കുന്ന ഇന്ത്യ എ.ഐ ഇംപാക്ട് ഉച്ചകോടിയ്ക്ക് മുന്നോടി ആയാണ് യോഗം ചേർന്നത്. ഉച്ചകോടിയിലേക്ക് യോഗ്യത നേടിയ പന്ത്രണ്ട് ഇന്ത്യൻ എ.ഐ സ്റ്റാർട്ടപ്പുകൾ യോഗത്തിൽ പങ്കെടുത്തു.

*****************************

## JITENDRA SINGH

നിർമ്മിത ബുദ്ധിയും മനുഷ്യ ശേഷിയും സംയോജിപ്പിച്ചുകൊണ്ടുള്ള ഹൈബ്രിഡ് സംവിധാനം പൊതുഭരണ നിർവഹണത്തിന് അനിവാര്യമാണെന്ന് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ AI യുമായി ബന്ധപ്പെട്ട് നടന്ന ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാവി വെല്ലുവിളികൾ നേരിടുന്നതിനും മികച്ച പ്രതികരണശേഷിയുള്ളതും ഫലപ്രദവുമായ ഒരു പൊതുഭരണം കെട്ടിപ്പടുക്കുന്നതിന് ഈ ഹൈബ്രിഡ് സംവിധാനം നിർണായകമാകുമെന്നും ശ്രീ ജിതേന്ദ്ര സിംഗ് പറഞ്ഞു.

*****************************

## VIKSIT BHARAT DIALOGUE

രണ്ടാമത് വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് തുടക്കം. നാലു ദിവസത്തെ പരിപാടിയിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള യുവജനങ്ങൾ വികസിത ഇന്ത്യയുമായി ബന്ധപ്പെട്ട ആശയങ്ങൾ പ്രധാനമന്ത്രിയ്ക്ക് മുൻപിൽ പങ്കുവയ്ക്കും. ഈ മാസം 12 ന് നടക്കുന്ന വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിന്റെ സമാപന സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. കേരളത്തെ പ്രതിനിധീകരിച്ച് 60-ഓളം യുവതി യുവാക്കൾ ഇതിൻറെ ഭാഗമാവും.

*****************************

## REV. SHAH-J AND K

ഭീകരതയില്ലാത്ത ജമ്മു കശ്മീർ എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും തുടരുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ജമ്മു കശ്മീരിനെക്കുറിച്ചുള്ള ഉന്നതതല സുരക്ഷാ അവലോകന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. അനുച്ഛേദം 370 റദ്ദാക്കിയതിനുശേഷം കശ്മീരിനുണ്ടായ ഗുണങ്ങൾ

നിലനിർത്തുന്നുവെന്ന് ഉറപ്പാക്കാൻ സുരക്ഷാ ഏജൻസികൾ യോജിച്ച് പ്രവർത്തിക്കണമെന്നും ശ്രീ അമിത് ഷാ നിർദ്ദേശം നൽകി.

***************************

## ECI- CEOs CONFERENCE

രാജ്യത്തെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാരുടെ യോഗം ന്യൂഡൽഹിയിൽ നടന്നു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ സുഖ്ബീർ സിങ്ങ് സന്ധു, വിവേക് ജോഷി എന്നിവരും യോഗത്തിൽ പങ്കെടുത്തു. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര സമ്മേളനമായ IICDEM ന് മുന്നോടിയായാണ് യോഗം ചേർന്നത്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഈ മാസം 21 മുതൽ 23 വരെയാണ് IICDEM നടക്കുക.

***************************

## NITIN GADKARI (INTRO)

റോഡ് അപകടങ്ങളിൽ ഇരകളാകുന്നവർക്കുള്ള പണരഹിത ചികിത്സാ സഹായ പദ്ധതിയ്ക്ക് പ്രധാനമന്ത്രി ഉടൻ തുടക്കം കുറിയ്ക്കുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും ഗതാഗത മന്ത്രിമാരുടെ 43-ാമത് യോഗത്തിന് ശേഷം നടത്തിയ വാർത്താ സമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. ഇതിലൂടെ ഏഴ് ദിവസത്തേക്ക് കുറഞ്ഞത് ഒരു ലക്ഷത്തി 50,000 രൂപയുടെ ചികിത്സാ സഹായം ലഭ്യമാകുമെന്നും ശ്രീ നിതിൻ ഗഡ്കരി അറിയിച്ചു.

(ഹോൾഡ് വോയ്സ്.......)

***************************

## RAILWAYS-AWARDS

70-ാമത് അതിവിശിഷ്ട് റെയിൽ സേവ പുരസ്കാരം കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് വിതരണം ചെയ്യും.100 റെയിൽവേ ഉദ്യോഗസ്ഥർക്കും മികച്ച റെയിൽവേ സോണുകൾക്കുള്ള 26 പുരസ്കാരങ്ങളുമാണ് സമ്മാനിക്കുക. മഹാകുംഭ് ഉൾപ്പെടെയുള്ള ഘട്ടങ്ങളിൽ സുരക്ഷിതവും തടസരഹിതവുമായ യാത്ര ഉറപ്പാക്കിയ ഉദ്യോഗസ്ഥാർക്കാണ് പുരസ്കാരങ്ങൾ സമ്മാനിക്കുക. ഓപ്പറേഷൻ സിന്ദൂർ സമയത്ത് നൽകിയ സംഭാവനകൾക്ക് ഉദ്യോഗസ്ഥരെ ചടങ്ങിൽ ആദരിക്കും.

****************************

## AMIT SHAH

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനായി നാളെ കേരളത്തിലെത്തും. ഞായറാഴ്ച തിരുവനന്തപുരത്ത് നടക്കുന്ന ബി.ജെ.പി യോഗങ്ങളിലും, കേരള കൗമുദി കോൺക്ലേവിലും അദ്ദേഹം പങ്കെടുക്കും.

****************************

## GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് കേരളത്തിൽ എത്തും. പുതുപ്പള്ളി ദേശീയ റബ്ബർ പരിശീലന കേന്ദ്രത്തിൻറെ രജത ജൂബിലി ആഘോഷങ്ങളിൽ അദ്ദേഹം രാവിലെ പങ്കെടുക്കും. കോട്ടയം വാഴൂർ സെന്റ് പോൾസ് ഹൈസ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ശ്രീ.ജോർജ്ജ് കുര്യൻ ഉച്ചയ്ക്ക് ശേഷം ഉദ്ഘാടനം ചെയ്യും.

****************************

## PRAGATI

രാജ്യത്ത് സമയബന്ധിതമായ പദ്ധതി വികസനം ഉറപ്പാക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി 2015 ൽ തുടക്കം കുറിച്ച പ്രഗതി സംരംഭത്തിൻറെ 50-ാമത് യോഗം വിജയകരമായി നടന്നു. നിരവധി അടിസ്ഥാന സൗകര്യ പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിൽ പ്രഗതി നിർണായ പങ്ക് വഹിച്ചിട്ടുണ്ട്. ഊർജ്ജ മേഖലയിൽ പ്രഗതി പ്ലാറ്റ്ഫോം സുപ്രധാന സംഭാവനകളാണ് നൽകിയത്. 10.53 ലക്ഷം കോടി രൂപയുടെ 237 വൈദ്യുതി പദ്ധതികളാണ് അവലോകനം ചെയ്തത്. ഗദർവാര തെർമൽ, ഖേത്രി-നരേല ട്രാൻസ്മിഷൻ പദ്ധതികൾ എന്നിവ അതിവേഗ പദ്ധതികളിൽ ഉൾപ്പെടുന്നു.

***************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

***************************

## SPECIAL PROGRAMME

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ചുള്ള ചർച്ചയുടെ ആദ്യ ഭാഗം ഇന്ന് ഉച്ചയ്ക്ക് 1.45 ന് പ്രക്ഷേപണം ചെയ്യും.

***************************

## KILBF (INTRO)

ചർച്ചകളും പുസ്തക പ്രകാശനങ്ങളും കലാപരിപാടികളുമായി കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി ........**

(വോയ്സ്)

****************************

## SIR

കേരളത്തിൽ എസ്.ഐ.ആറുമായി ബന്ധപ്പെട്ട് വിഐപി-പ്രവാസി വോട്ടർമാർക്ക് നേരിട്ട് ഹിയറിങ്ങിന് ഹാജരാകാതെ തന്നെ രേഖകൾ സമർപ്പിച്ച് വേരിഫിക്കേഷൻ പ്രക്രിയ പൂർത്തിയാക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. രേഖകളുടെ കാര്യത്തിൽ തൃപ്തരെങ്കിൽ ഉടൻ നടപടി പൂർത്തിയാക്കാനുള്ള അധികാരം ഇആർഒ/എഇആർഒ മാരിൽ നിക്ഷിപ്തമാണ്. ഹിയറിംഗിന് ഹാജരാകേണ്ട തിയതികളിൽ തൃപ്തികരമായ രേഖകൾ സമർപ്പിക്കുന്ന പക്ഷം പ്രവാസി/വിഐപി വോട്ടർമാരെ ഇലക്ടറൽ റോളിൽ ഉൾപ്പെടുത്താനുള്ള സംവിധാനം ERONET ൽ പ്രവർത്തനക്ഷമമായിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. SIR-ൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാവുന്നതാണ്.

****************************

## SURESH CHANDRA - KANNUR

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഇലക്ട്രോണിക്ക് വോട്ടിങ്ങ് മെഷീനുകളുടെയും, വിവിപാറ്റുകളുടെയും ഒന്നാം ഘട്ട പരിശോധന കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിരീക്ഷകനായ സുരേഷ് ചന്ദ്ര

കണ്ണൂരിൽ വിലയിരുത്തി. ഇ.വി.എം വെയർ ഹൗസിൽ എത്തി മെഷീനുകളുടെ വൃത്തിയാക്കൽ മുതൽ ഓരോ ഘട്ടങ്ങളും അദ്ദേഹം പരിശോധിച്ചു. തുടർന്ന് രാഷ്ട്രീയപാർട്ടി പ്രതിനിധികളുമായും കൂടിക്കാഴ്ച നടത്തിയ ശേഷമാണ് നിരീക്ഷകൻ മടങ്ങിയത്.

*****************************

## PANKHUDI (INTRO)

വനിതാ-ശിശു വികസനത്തിന് പങ്കാളിത്തം ശക്തിപ്പെടുത്താൻ കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയം സംയോജിത ഡിജിറ്റൽ പോർട്ടൽ 'പൻഖുഡി' ക്ക് തുടക്കം കുറിച്ചു. **വിശദാംശങ്ങളിലേക്ക്.....**

(വോയ്സ്)

വ്യക്തികൾ, പ്രവാസി ഇന്ത്യക്കാർ , സർക്കാരിതര സംഘടനകൾ , കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സംഭാവന ചെയ്യുന്നവർ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ, വനിതാ -ശിശു വികസന മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവരുന്ന ഏകജാലക ഡിജിറ്റൽ പ്ലാറ്റ്ഫോമായാണ് പൻഖുഡി വികസിപ്പിച്ചിരിക്കുന്നത്. പോഷകാഹാരം, ആരോഗ്യം, ശൈശവകാല പരിചരണവും വിദ്യാഭ്യാസവും , ശിശുക്ഷേമം, സംരക്ഷണവും പുനരധിവാസവും, വനിതാ സുരക്ഷയും ശാക്തീകരണവും ഉൾപ്പെടെയുള്ള പ്രധാന മേഖലകളിലെ സന്നദ്ധവും സ്ഥാപനപരവുമായ സംഭാവനകളെ പോർട്ടൽ കാര്യക്ഷമമാക്കുകയും ഏകീകരിക്കുകയും ചെയ്യുന്നതാണ് പൻഖുഡി. സുതാര്യത, ഉത്തരവാദിത്തം, നിരീക്ഷണം എന്നിവ ഉറപ്പാക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പോർട്ടൽ, കേന്ദ്ര, സംസ്ഥാന സർക്കാരിൻറെ വകുപ്പുകൾ, നിർവഹണ ഏജൻസികൾ, പൗര സമൂഹ സ്ഥാപനങ്ങൾ, പൊതു-സ്വകാര്യ മേഖലകളിൽ നിന്നുള്ള പങ്കാളികൾ എന്നിവരുമായി സഹകരണം സാധ്യമാക്കുന്നു. **ന്യൂസ് ഡെസ്ക് ആകാശവാണി**

******************************

## KHELO INDIA BEACH GAMES

ഡിയുവിലെ ഘോഗ്ല ബീച്ചിൽ നടക്കുന്ന ഖേലോ ഇന്ത്യ ബീച്ച് ഗെയിംസിൽ തമിഴ്നാട് ഒന്നാം സ്ഥാനത്ത്. ഗെയിംസിന്റെ നാലാം ദിവസമായ ഇന്നലെ പരമ്പരാഗത ആയോധനകലയായ പെൻകാക് സിലാറ്റിലും ബീച്ച് വോളിബോളിലും രണ്ട് സ്വർണ്ണം ഉൾപ്പെടെ, 7 മെഡലുകൾ തമിഴ്നാട് നേടി. പുരുഷന്മാരുടെ ബീച്ച് വോളിബോളിൽ ഗോവ സ്വർണം സ്വന്തമാക്കി.

******************************

## BADMINTON – MALAYSIA OPEN

ക്വാലാലംപൂരിൽ നടക്കുന്ന മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ ക്വാർട്ടർ ഫൈനലിൽ ഇന്ത്യൻ താരം പി.വി.സിന്ധു ഇന്ന് ജപ്പാന്റെ അകാനെ യമാഗുച്ചിയെ നേരിടും. പുരുഷ ഡബിൾസിൽ, ഇന്ത്യൻ ജോഡികളായ സാത്വിക്സായിരാജ് റാങ്കിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യം ഇന്ന് ക്വാർട്ടർ ഫൈനലിൽ ഇന്തോനേഷ്യൻ ജോഡികളെ നേരിടും.

************************************************************************************************